9177
9/6/16

©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2015 ഏപ്രിൽ 30<br>30th April 2015<br>1190 മേടം 16<br>16th Medam 1190<br>1937 വൈശാഖം 10<br>10th Vaisakha 1937 | നമ്പർ<br>No. 1057 |

## കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

## വിജ്ഞാപനം

സ.ഉ. (അച്ചടി). നമ്പർ 148/2015/തസ്വഭവ.

*തിരുവനന്തപുരം, 2015 ഏപ്രിൽ 30 / 1190 മേടം 16.*

**എസ്. ആർ. ഒ. നമ്പർ 266/2015.**—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ (1994-ലെ 20) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും (2)-ാം ഉപവകുപ്പ് (സി) ഖണ്ഡവും പ്രകാരമുള്ള അധികാരം വിനിയോഗിച്ച് 1994 ഏപ്രിൽ 22-ാം തീയതിയിലെ സ.ഉ. (എംഎസ്.) 91/94/എൽ.എ.ഡി. നമ്പർ ആയി പുറപ്പെടുവിച്ചതും 1994 ഏപ്രിൽ 22-ാം തീയതിയിലെ 361-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 478/94 ആയി പ്രസിദ്ധീകരിച്ച വിജ്ഞാപനം V ഭാഗികമായി

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.
33/1757/2015/S-9.

ഭേദഗതി ചെയ്തുകൊണ്ടും താഴെ പട്ടികയിലെ (1)-ാം കോളത്തിൽ പറയുന്ന ജില്ലയിലെ (2)-ാം കോളത്തിൽപ്പറയുന്ന മുനിസിപ്പാലിറ്റിയിലെ (3)-ാം കോളത്തിൽ പറയുന്ന പ്രദേശങ്ങൾ വേർപ്പെടുത്തി (4)-ാം കോളത്തിൽ പറയുന്ന, മുനിസിപ്പാലിറ്റിയാക്കി 2015 നവംബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം രൂപീകരിക്കുവാനും കേരള സർക്കാർ ഉദ്ദേശിക്കുന്ന വിവരം 2015 ജനുവരി മാസം 25-ാം തീയതിയിലെ ഇ.എം. 3/13(7)/2014/ത.സ്വ.ഭ.വ. നമ്പരായി 2015 ജനുവരി മാസം 25-ാം തീയതിയിലെ 185-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിനാലും;

പ്രസ്തുത വിജ്ഞാപനപ്രകാരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും പൊതുജനങ്ങളിൽ നിന്നും ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടും ;

ഇപ്പോൾ, അതിനാൽ, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ (1994-ലെ 20) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും (2)-ാം ഉപവകുപ്പ് (സി) ഖണ്ഡവും പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ടും, താഴെ പട്ടികയിലെ (1)-ാം കോളത്തിൽ പറയുന്ന ജില്ലയിലെ (2)-ാം കോളത്തിൽ പറയുന്ന മുനിസിപ്പാലിറ്റിയിൽ നിന്നും (3)-ാം കോളത്തിൽ പറയുന്ന നഗരപ്രദേശങ്ങളെ ഒഴിവാക്കിക്കൊണ്ട് (4)-ാം കോളത്തിൽ പറയുന്ന മുനിസിപ്പൽ കൗൺസിലാക്കി പരിവർത്തനപ്പെടുത്തി അതിന് (5)-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന സ്ഥലം ആസ്ഥാനമായി നിശ്ചയിച്ചുകൊണ്ടും (6)-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം അതിരുകൾ നിർണ്ണയിച്ചുകൊണ്ടും (7)-ാം കോളത്തിൽ പറയുന്ന അതിരുകളോടെ മാതൃ മുനിസിപ്പാലിറ്റിയെ നിലനിർത്തിക്കൊണ്ടും 2015 നവംബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം കേരള സർക്കാർ ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു, അതായത് :—

## പട്ടിക

| ജില്ല | മുനിസിപ്പൽ കൗൺസിലിന്റെ പേര് | മുനിസിപ്പൽ കൗൺസിൽ രൂപീകരിക്കുന്നതിനായി ഒഴിവാക്കപ്പെടുന്ന പ്രദേശം | പുതുതായി രൂപീകരിക്കുന്ന മുനിസിപ്പൽ കൗൺസിൽ | പുതുതായി രൂപീകരിക്കുന്ന മുനിസിപ്പൽ കൗൺസിലിന്റെ ആസ്ഥാനം | അതിരുകൾ | പുതിയ മുനിസിപ്പൽ കൗൺസിൽ രൂപീകരണത്തിനുശേഷം നിലവിലുള്ള മുനിസിപ്പൽ കൗൺസിലിന്റെ പേരും, ആസ്ഥാനവും, അതിരുകളും |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| കണ്ണൂർ | തളിപ്പറമ്പ് | തളിപ്പറമ്പ് മുനിസിപ്പൽ കൗൺസിലിന്റെ നിലവിലുള്ള 16, 17, 18, 19, 20, 21, 22, 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 35 വരെയുള്ള വാർഡുകൾ | ആന്തൂർ | ആന്തൂർ | *വടക്ക്*—കുറ്റിക്കോൽപ്പുഴ-കുറുമാത്തൂർ ഗ്രാമ പഞ്ചായത്ത്<br>*കിഴക്ക്*—പറശ്ശിനിപ്പുഴ<br>*തെക്ക്*—പാപ്പിനിശ്ശേരി, കല്യാശ്ശേരി പഞ്ചായത്തുകൾ<br>*പടിഞ്ഞാറ്*—പട്ടുവം, കണ്ണപുരം പഞ്ചായത്തുകൾ | തളിപ്പറമ്പ് മുനിസിപ്പൽ കൗൺസിൽ, തളിപ്പറമ്പ്<br>*വടക്ക്*—കുറുമാത്തൂർ, പരിയാരം പഞ്ചായത്തുകൾ<br>*കിഴക്ക്*—കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്<br>*തെക്ക്*—കുറ്റിക്കോൽപ്പുഴ<br>*പടിഞ്ഞാറ്*—പട്ടുവം പഞ്ചായത്ത്, കുപ്പംപുഴ |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെയിംസ് വർഗ്ഗീസ്,
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 4-ാം വകുപ്പ് (1)-ഉം (2)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചു കൊണ്ട് കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിൽ നിലവിലുള്ള 16 മുതൽ 35 വരെയുള്ള 20 വാർഡുകൾ ഉൾപ്പെടുത്തി ആന്തൂർ ആസ്ഥാനമാക്കി ആന്തൂർ എന്ന പേരിൽ പുതിയ ഒരു മുനിസിപ്പൽ കൗൺസിൽ രൂപീകരിക്കാനുള്ള ഉദ്ദേശ്യം 2015 ജനുവരി 25-ാം തീയതിയിലെ ഇ.എം. 3/13(7)/2014/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപനപ്രകാരം 2015 ജനുവരി 25-ാം തീയതിയിലെ 185-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. അതുപ്രകാരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും പൊതുജനങ്ങളിൽ നിന്നും ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് 2015 നവംബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം ആന്തൂർ മുനിസിപ്പൽ കൗൺസിൽ രൂപീകരിക്കുവാൻ സർക്കാർ തീരുമാനിച്ചു.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.